(ബി) 20377 പേർക്ക് തുക അനുവദിക്കുകയും 11459 പേർക്ക് വിതരണം ചെയ്യുകയും ചെയ്തു.

(സി) ചെറുകിട വ്യവസായ മേഖലയിൽ 4507 പേർക്കും വാണിജ്യ മേഖലയിൽ 7031 പേർക്കും സേവന മേഖലയിൽ 8117 പേർക്കും പ്രയോജനം ലഭിക്കുന്ന രീതിയിലാണ് തുക അനുവദിച്ചിട്ടുള്ളത്.

(ഡി) 6834 വനിതാസംരംഭകർക്ക് തുക അനുവദിക്കുകയും 3538 പേർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലയിലെ ടെക്സ്റ്റയിൽ മില്ലുകൾ

6 [1300] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ എത്ര ടെക്സ്റ്റയിൽ മില്ലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണമേഖലയിൽ എത്ര മില്ലുകളാണുള്ളത്;

(സി) ടെക്സ്റ്റയിൽ മില്ലുകൾ പുനരുദ്ധരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും മിൽ അടച്ചുപൂട്ടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സ്വകാര്യമേഖലയിൽ ഏതെല്ലാം മില്ലുകൾ പൂട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(എഫ്) പ്രസ്തുത മില്ലുകളിൽ ജോലി നഷ്ടപ്പെട്ട സ്ഥിരം തൊഴിലാളികൾ എത്രയെന്നും, താൽക്കാലിക തൊഴിലാളികൾ എത്രയെന്നും അറിയിക്കാമോ;

(ജി) പൂട്ടിയ മില്ലുകൾ തുറപ്പിക്കാനും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനും എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഈ തൊഴിലാളികളുടെ ദീർഘകാല കരാറിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഐ) കരാർ പുതുക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 7 എണ്ണം.

(ബി) 7 സ്പിന്നിംഗ് മില്ലുകളും 5 പവർലൂമുകളും.

(സി ആന്റ് ഡി) എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.)യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം സ്പിന്നിംഗ് മിൽ, കേരള ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും കൂടുതൽ നഷ്ടം വരുത്തിയ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ എന്നിവയിൽ ജീവനക്കാർക്ക് വി.ആർ.എസ്. നൽകിയശേഷം അടച്ചുപൂട്ടുന്നതിനും സീതാറാം ടെക്സ്റ്റയിൽസിന്റെ പ്രോസസ്സിംഗ് യൂണിറ്റ് സ്വകാര്യ പങ്കാളിത്തത്തോടു കൂടിയുള്ള പുനരുദ്ധാരണവുമാണ് തീരുമാനിച്ചിരിക്കുന്നത്.

(ഇ) തൃശ്ശൂരിലെ വനജ ടെക്സ്റ്റയിൽസ്, കണ്ണൂരിലെ തിരുവെപ്പതി മിൽസ് മുതലായ ഏതാനും മില്ലുകൾ പൂട്ടിക്കിടക്കുന്നുണ്ട്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) ഇ. ആർ. സി.-യുടെ നിർദ്ദേശപ്രകാരം പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച് ആന്റ് ഐ) വിവരം ശേഖരിച്ചു വരുന്നു.

കൈത്തറി വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി

7 [1301] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി പ്രകാരം സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ;

(ബി) പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘത്തിലെ സർക്കാർ ഓഹരി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സഹകരണസംഘങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും;

(സി) കൈത്തറി തൊഴിലാളികൾക്ക് കഴിവുകൾ വികസിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) അന്തർദേശീയ തലത്തിൽ നടക്കുന്ന എക്സിബിഷനുകളിൽ പങ്കെടുക്കാൻ ഹാൻടെക്സിനും ഹാൻവീവിനും ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഹാൻടെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് കയറ്റുമതിയുടെ 20 ശതമാനം തുക എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവായി നൽകുന്നു. ഹാന്റ്ലൂം എക്സ്പോർട്ട് സ്കീമും സംസ്ഥാനത്ത് 2002-2003 മുതൽ നടപ്പാക്കിവരുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ വിദേശ വിപണി ലക്ഷ്യമാക്കി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന രാജ്യങ്ങളിൽ നടക്കുന്ന ഫെയറുകളിൽ പങ്കെടുക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്. ഒരു പ്രോജക്ടിന് 43 ലക്ഷം രൂപ വരെ യഥാക്രമം 75:25 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. കണ്ണൂർ ജില്ലയിൽ 5 സംഘങ്ങളിൽ ഈ പദ്ധതി നടപ്പാക്കിത്തുടങ്ങി. കൂടാതെ 15 പ്രോജക്ടുകൾ കൂടി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly